67 (67) ആലപ്പുഴയിലെ സ്വർണ്ണത്തൊഴിലാളിയുടെ മരണം

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിൽ സ്വർണ്ണത്തൊഴിലാളിയായിരുന്ന പുഷ്പരാജൻ മരണമടഞ്ഞതു സംബന്ധിച്ച് പോലീസ് കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതു വകുപ്പ് അനുസരിച്ചാണ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(സി) കുറ്റക്കാരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 174 സി.ആർ.പി.സി. പ്രകാരമാണ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(സി) കേസ്സ് അന്വേഷണം നടന്നു വരുന്നു.

68 (68) പന്തളം പടിഞ്ഞാറ്റതിൽ മോഹൻദാസിന്റെ മരണം

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ പന്തളം വില്ലേജിൽ പൂഴിക്കാട് മുറിയിൽ മലയുടെ പടിഞ്ഞാറ്റതിൽ മാധവക്കുറുപ്പിന്റെ മകൻ എം. മോഹൻദാസിന്റെ മരണം സംശയാസ്പദമാണെന്ന് കാണിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികളെക്കുറിച്ചുള്ള വിശദാംശം വെളിപ്പെടുത്തുമോ;

(സി) അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ അത് നടത്തിയത് ഏത് തലത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) മരിച്ച മോഹൻദാസിനെ വീട്ടിൽനിന്നും വിളിച്ചുകൊണ്ട് പോയവരെന്ന് ആരോപിക്കപ്പെട്ടവരെ ചോദ്യം ചെയ്തിട്ടുണ്ടോ;

(ഇ) മോഹൻദാസിനെ കയറ്റികൊണ്ടുപോയതായി ആരോപിക്കപ്പെട്ട ആട്ടോറിക്ഷ കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോ; ശ്രീ മോഹൻദാസിന്റെ മരണമൊഴി രേഖപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 5.3.99-ൽ പന്തളം പോലീസ് സ്റ്റേഷൻ ക്രൈംനമ്പർ 93/99 യു./എസ് 324,34 ഐ.പി.സി. പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി.

(സി) സർക്കിൾ ഇൻസ്പെക്ടറാണ് കേസ്സ് അന്വേഷണം നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly